# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5039** **30/06/2014-ൽ മറുപടിയ്ക്ക്**

## ശുചിത്വതീരം പദ്ധതി

| ചോദ്യം<br>ശ്രീ. ജി. സുധാകരൻ: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): | |
|---|---|---|---|
| (എ) | ശുചിത്വതീരം പദ്ധതിയനുസരിച്ച് മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ; | (എ) | ശുചിത്വതീരം പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നിലവിലില്ല. മത്സ്യത്തൊഴിലാളികളുടെ ശുചിത്വത്തിന്റെ ഭാഗമായി സാനിട്ടേഷൻ പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതിയനുസരിച്ച് സ്വന്തം പേരിലോ, ഭാര്യയുടെ പേരിലോ ഭവനമുള്ളതും എന്നാൽ ഉപയോഗയോഗ്യമായ ടോയ്‌ലറ്റ് ഇല്ലാത്തതുമായ മത്സ്യത്തൊഴിലാളികൾക്ക് സ്വന്തമായി ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകിവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി, അമ്പലപ്പുഴ മണ്ഡലത്തിലെ തീരദേശമേഖല സമ്പൂർണ്ണ ശുചിത്വതീരമായി പ്രഖ്യാപിക്കുവാൻ പദ്ധതി ആവിഷ്കരിക്കുമോ; | (ബി) | പ്രസ്തുത പദ്ധതികൾ അമ്പലപ്പുഴ നിയോജക മണ്ഡലത്തിലും നടപ്പിലാക്കുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയനുസരിച്ച് ഓരോ മത്സ്യത്തൊഴിലാളി കുടുംബത്തിനും എത്ര രൂപ അനുവദിക്കുവാനാണ് വ്യവസ്ഥയുള്ളത്; വ്യക്തമാക്കുമോ? | (സി) | 13-ാം ധനകാര്യ കമ്മീഷൻ മാതൃകാ മത്സ്യഗ്രാമം പദ്ധതി ഒന്നാം ഘട്ടത്തിൽ 2012-13-ൽ 5450 ടോയ്‌ലറ്റുകൾക്ക് 20,000/- രൂപ വീതവും, രണ്ടാം ഘട്ടത്തിൽ 2013-14 -ൽ 2762 ടോയ്‌ലറ്റുകൾക്ക് 17,500/- രൂപ വീതവും നൽകുകയുണ്ടായി. കൂടാതെ തീരദേശ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2012-13-ൽ 914 ടോയ്‌ലറ്റുകൾക്ക് 17,500/- രൂപയും നൽകുകയുണ്ടായി. കൂടാതെ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 2857 ടോയ്‌ലറ്റുകൾക്ക് 17,500/- രൂപ വീതവും ധനസഹായം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**